"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പെരുമാറ്റച്ചട്ടം നിലനിൽക്കുന്ന പശ്ചാത്തലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മുടക്കം കൂടാതെ നിർവ്വഹിക്കേണ്ട അടിയന്തര സ്വഭാവമുള്ള പദ്ധതികളുടെ നിർവ്വഹണത്തിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

G.O.(Rt)No.911/2026/LSGD തീയതി,തിരുവനന്തപുരം, 23-04-2026

---

പരാമർശം:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
3. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
4. സ.ഉ.(കൈ) നം.15/2026/തസ്വഭവ, തീയതി 12.01.2026

**ഉത്തരവ്**

സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപ് തന്നെ, പരാമർശം 1-4 ഉത്തരവുകൾ പ്രകാരം കേരളത്തിലെ ബഹുഭൂരിപക്ഷം തദ്ദേശഭരണ സ്ഥാപനങ്ങളും 2026-27 വാർഷിക പദ്ധതി തയ്യാറാക്കുകയും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതു കാരണം ഈ കാലയളവിൽ പുതിയ പ്രോജക്ടുകളുടെ തുടർനടപടിയായി വെറ്റിംഗ് ഓഫീസറിൽ നിന്നും അംഗീകാരം വാങ്ങാനോ നിർവ്വഹണം തുടങ്ങാനോ കഴിയാത്ത സാഹചര്യമാണ് ഉള്ളത് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് പൊതുതെരഞ്ഞെടുപ്പ് കഴിഞ്ഞ സാഹചര്യത്തിൽ, തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് മുടക്കം കൂടാതെ നിർവ്വഹണം നടത്തേണ്ട പദ്ധതികളുടെ അടിയന്തര സ്വഭാവം പരിഗണിച്ചും, ചുവടെ പ്രതിപാദിക്കുന്ന പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നതിനും, ടെൻഡർ അടക്കമുള്ള നിർവ്വഹണ നടപടികൾ ആരംഭിക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

1. പ്രോജക്ടുകളുടെ ഭാഗമായി വേതനം നൽകൽ (മാർഗ്ഗരേഖ പ്രകാരം അനുവദനീയമായവ)
2. മദ്ധ്യ വേനലവധി കഴിഞ്ഞ് സ്കൂൾ തുറക്കുന്നതിന് മുമ്പ് സ്കൂളുകളിലും അംഗൻവാടികളിലും നടപ്പാക്കേണ്ട അടിയന്തര അറ്റകുറ്റപ്പണികൾ
3. ആരോഗ്യ സ്ഥാപനങ്ങൾക്കും വെറ്ററിനറി സ്ഥാപനങ്ങൾക്കും ആവശ്യമായ മരുന്നുകൾ

വാങ്ങൽ

4. അംഗൻവാടി പോഷകാഹാര വിതരണ പ്രോജക്ടുകൾ
5. പാലിയേറ്റീവ് കെയർ പ്രോജക്ടുകൾ
6. മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തികൾ

2. മേൽപ്പറഞ്ഞ ഇനങ്ങളിലെ പ്രോജക്ടുകൾ 2026-27 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ അവ പുതുതായി ഏറ്റെടുത്ത് (ജി.ഒ പ്രോജക്ട് രീതിയിൽ) നിർവഹണം നടത്തുന്നതിനും വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടാത്ത തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഈ രീതിയിൽ (ജി.ഒ പ്രോജക്ട് രീതിയിൽ) നിർവഹണം നടത്തുന്നതിനും അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RASHEEDA S
JOINT SECRETARY

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിൻ്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
18. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
19. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
20. ഡയറക്ടർ ജനറൽ, കില

21. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
22. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
23. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Viraj K

സെക്ഷൻ ഓഫീസർ

Date: 23-04-2026 16:50:14

പകർപ്പ് :

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക് .

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക് .